# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര, ചിഹ്നമിടാത്ത ചോദ്യം നംപർ 6672 03.11.2011 ൽ മറുപടിക്ക്

**ജലനിധി പദ്ധതി**

ചോദ്യം | മറുപടി

ശ്രീമതി കെ.കെ. ലതിക | ശ്രീ. പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി)

| | | |
|---|---|---|
| എ | ജലനിധി പദ്ധതി നടത്തിപ്പിനുള്ള എൻ.ജി.ഒകളെ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ? | ലോകബാങ്ക് മാനദണ്ഡങ്ങൾക്ക് വിധേയമായി പത്രമാധ്യമങ്ങളിൽ പരസ്യം നൽകി താല്പര്യമുള്ള സഹായസംഘടനകളിൽ നിന്നും നിശ്ചിത ഫോർമാറ്റിൽ അപേക്ഷ ക്ഷണിക്കുകയും. അതിൽ നിന്നും സംഘടനകളെ താഴെപറയുന്ന മാനദണ്ഡങ്ങൾ അനുസരിച്ച് തെരഞ്ഞെടുക്കുന്നു.<br>• സഹായസംഘടന് പ്രാബല്യത്തിലുള്ള സംസ്ഥാന നിയമമനുസരിച്ച് രജിസ്റ്റർ ചെയ്തവയായിരിക്കണം<br>• പദ്ധതി ആരംഭിക്കുന്നതിനു മൂന്ന് വർഷം മുൻപ് രജിസ്ട്രേഷൻ ലഭിച്ചിരിക്കണം<br>• കുടിവെള്ള വിതരണ ശുചിത്വ മേഖലയിൽ മുൻ പരിചയം ഉണ്ടായിരിക്കണം<br>• രാഷ്ട്രീയ പാർട്ടികളുമായി ബന്ധമില്ലാത്ത മതേതര സംഘടനയായിരിക്കണം .<br>• രാഷ്ട്രീയ പാർട്ടികളുടേയോ സർക്കാരിൻെറയോ പ്രതിനിധികളോ ഉൾപ്പെടാത്ത ഗവേണിംഗ് ബോഡി ആകണം.<br>• സർക്കാരിതര സംഘടനയായിരിക്കണം .<br>• സംഘടനകൾക്ക് തനത് ഫണ്ട് ഉണ്ടായിരിക്കണം<br>• ജീവനക്കാർ സർക്കാരിതര മേഖലയിൽ നിന്നുള്ളവരായിരിക്കണം<br>• പ്രോജക്ട് നടപ്പാക്കുന്ന ജില്ലകളിൽ സജീവമായിരിക്കണം |

| | | |
|---|---|---|
| | | • ഗ്രാമീണ മേഖലയിലെ ജനങ്ങളെ സംയോജിപ്പിച്ചു കൊണ്ടുള്ള പ്രവർത്തനങ്ങൾ, സ്ത്രീകൾ, ഭൂരഹിതർ,പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ മററു പിന്നോക്ക വിഭാഗങ്ങൾ എന്നിവർക്കുവേണ്ടിയുള്ള പദ്ധതികൾ , ഗ്രാമീണ കുടിവെള്ള മേഖലയിലെ പ്രവർത്തനങ്ങൾ എന്നിവയിൽ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ടായിരിക്കണം.<br>• ജീവനക്കാർ സഹായസംഘടനയിൽത്തന്നെ ഉള്ളവരോ പുറത്തുനിന്നുള്ളവരോ ആകാം (മൂന്നിലൊന്ന് സ്ത്രീകളായിരിക്കണം)<br>• കണക്കുകൾ കൃത്യമായി സൂക്ഷിക്കുന്ന സംവിധാനം ഉണ്ടായിരിക്കണം. അപേക്ഷയോടൊപ്പം കഴിഞ്ഞ മൂന്ന് വർഷത്തെ കണക്കുകൾ ആഡിററ് ചെയത രേഖകൾ ഹാജരാക്കണം.<br>• സംഘടന കോടതി വ്യവഹാര വിമുക്തമായിരിക്കണം<br><br>സെക്ഷൻ ഓഫീസർ |